# കണ്ണൂർ സർവ്വകലാശാല

(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ് SWS / 532/2018 തീയ്യതി: 06/06/2018

## പ്രസിദ്ധീകരണത്തിന്

**ട്രയൽ അലോട്ട്മെന്റ്**

2018-19 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് ലോഗിൻ ചെയ്ത് അലോട്ട്മെന്റ് വിവരങ്ങൾ അറിയാവുന്നതാണ്.

**ബിരുദ പ്രവേശനം – ഓൺലൈൻ രജിസ്ട്രേഷൻ അവസാനിച്ചു.**

2018-19 അധ്യയനവർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ അവസാനിച്ചു.**36,325** അപേക്ഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓൺലൈനായി രജിസ്റ്റർ ചെയ്തവർ ഒരിക്കൽ കൂടി ലോഗിൻ ചെയ്ത് അപേക്ഷാഫോറത്തിൽ തെറ്റൊന്നും ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**പിഴവുകൾ തിരുത്താനും ഓപ്ഷൻ മാറ്റാനുമുള്ള അവസരം**

ഓൺലൈൻ അപേക്ഷയിലെ പിഴവുകൾ തിരുത്താനും ഓപ്ക്ഷൻ മാറ്റാനും **ജൂൺ** 8 വരെ അവസരമുണ്ട്.ഇതിനായി അപേക്ഷയുടെ പ്രിന്റൗട്ടും പിഴവുകൾ തിരുത്താൻ ആവശ്യമായ രേഖകളും 200/- രൂപയുടെ ചലാൻ രസീതും സർവ്വകലാശാല സിംഗിൾ വിൻഡോ അഡ്മിഷൻ സെല്ലിൽ സമർപ്പിക്കേണ്ടതാണ്. **ജൂൺ8mw തീയ്യതി വൈകുന്നേരം 5 മണിക്ക്** ശേഷം ഒരു കാരണവശാലും പിഴവുകൾ തിരുത്താൻ അവസരം ലഭിക്കുന്നതല്ല.

**ഒന്ന്,രണ്ട്,മൂന്ന് അലോട്ട്മെന്റ് ജൂൺ 13, 20, 25 തീയ്യതികളിൽ**

ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകൾ യഥാക്രമം ജൂൺ 13,20,25 തീയ്യതികളിൽ നടക്കും.അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത തീയ്യതിക്കു മുൻപായി സർവ്വകലാശാലാ ഫീസ് **SBI Collect** മുഖാന്തരം നിർബന്ധമായും അടക്കേണ്ടതാണ്.**ഫീസടക്കാത്ത പക്ഷം വിദ്യാർത്ഥികൾ അലോട്ട്മെന്റിൽ നിന്നും പുറത്താവുന്നതാണ്.**

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തരാണെങ്കിൽ ഓരോ അലോട്ട്മെന്റിനു ശേഷവും ഹയർ ഓപ്ഷൻ റദ്ദാക്കാവുന്നതാണ്.ഹയർ ഓപ്ഷൻ നിലനിർത്തുന്ന പക്ഷം അടുത്ത അലോട്ട്മെന്റിൽ

അവ പരിഗണിക്കുന്നതും അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അപേക്ഷകൻ നിർബന്ധമായും അത് സ്വീകരിക്കേണ്ടതുമാണ്.അലോട്ട്മെന്റ് ലഭിച്ചാൽ ലോവർ ഓപ്ഷൻ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

മൂന്നാമത്തെ അലോട്ട്മെന്റിനു ശേഷം മാത്രമേ വിദ്യാർത്ഥികൾ കോളേജിൽ പ്രവേശനം നേടേണ്ടതുള്ളൂ.മൂന്നാമത്തെ അലോട്ട്മെന്റിനു ശേഷം **അലോട്ട്മെന്റ് മെമ്മോ** വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിശ്ചിത തീയ്യതിക്ക് തന്നെ ഹാജരാകേണ്ടതാണ്.സയൻസ് വിഷയങ്ങളുടെ അഡ്മിഷൻ **ജൂൺ 26,27** തീയ്യതികളിലും , കൊമേഴ്സ് വിഷയങ്ങളുടേത് 28നും ആർട്സ്, ഭാഷാ വിഷയങ്ങളുടേത് **ജൂൺ 29,30** തീയ്യതികളിലും നടക്കും.ഒന്നാം സെമസ്റ്റർ ക്ലാസുകൾ ജൂലൈ 2 ന് ആരംഭിക്കും.

## നോഡൽ ഓഫീസർമാരുടെ യോഗം ഇന്ന്

2018-19 അധ്യയന വർഷത്തെ ഏകജാലക ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാരുടെ യോഗം **ജൂൺ 7**ന് ഉച്ചയ്ക്ക് 2.30 ന് കണ്ണൂർ സർവ്വകലാശാല താവക്കര കാമ്പസിലെ ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്

ഒപ്പ്

ജോയിന്റ് രജിസ്ട്രാർ(അക്കാദ്)

രജിസ്ട്രാർക്കു വേണ്ടി